# ശ്ലീഹാക്കാലം

## അഞ്ചാം ഞായർ
## വചന വിചിന്തനം

ലൂക്ക 12,22-34

"ഞാൻ" എന്ന ഭാവത്തിൽ നിന്ന്
"നമ്മൾ" എന്ന ഭാവത്തിലേയ്ക്ക് വളരുമ്പോൾ
സ്വർഗ്ഗരാജ്യത്തിലേയ്ക്കുള്ള വളർച്ചയാണിത്! കാരണം,
"വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവും ആയിരുന്നു.
ആരും തങ്ങളുടെ വസ്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല."
അപ്പ 4,32

ഭൗതീക സമ്പത്തിലല്ല മനുഷ്യൻ ആശ്രയം തേടേണ്ടത്. കാരണം, നിന്റെ സമ്പത്ത് എവിടെയോ അവിടെയായിരിക്കും നിന്റെ ഹൃദയം!

ധനികനായ കൃഷിക്കാരന്റെ ഭോഷത്തം അവന്റെ വാക്കുകളിൽ നിറഞ്ഞ് നിൽക്കുന്നു. കാരണം, മൂന്ന് വാക്ക്യങ്ങൾ പറയുന്നതിന്റെ ഇടയിൽ എട്ട് (8) പ്രാവശ്യമാണ് "ഞാൻ" എന്ന പദം ഉപയോഗിക്കുന്നത്.

"ഒരു ധനികൻെറ കൃഷി സ്ഥലം സമൃദ്ധമായ വിളവു നൽകി. അവൻ ഇങ്ങനെ ചിന്തിച്ചു: ഞാനെന്തു ചെയ്യും? ഈ ധാന്യം മുഴുവൻ സൂക്ഷിക്കാൻ എനിക്കു സ്ഥലമില്ലല്ലോ. അവൻ പറഞ്ഞു: ഞാൻ ഇങ്ങനെ ചെയ്യും, എൻെറ അറപ്പുരകൾ പൊളിച്ച്, കൂടുതൽ വലിയവ പണിയും; അതിൽ എൻെറ ധാന്യവും വിഭവങ്ങളും സംഭരിക്കും. അനന്തരം ഞാൻ എൻെറ ആത്മാവിനോടു പറയും: ആത്മാവേ, അനേകവർഷത്തേക്കു വേണ്ട വിഭവങ്ങൾ നിനക്കായി സംഭരിക്കപ്പെട്ടിരിക്കുന്നു. വിശ്രമിക്കുക, തിന്നുകുടിച്ച് ആനന്ദിക്കുക" (ലൂക്കാ 12,17 - 19).

ധനികന്റെ ചിന്തയിൽ "ഞാൻ" എന്നുള്ള ഭാവം മാത്രമെയൊള്ളു. എന്റെ കൃഷിസ്ഥലം, എന്റെ അദ്ധ്വാനം, എന്റെ ധാന്യം, എന്റെ ആത്മാവ്, എന്റെ ഭാവി, എന്റെ സുഖം, എന്റെ ജീവതം.... ഭാര്യയോ, മക്കളോ, മാതാപിതാക്കളോ, തോട്ടത്തിൽ അദ്ധ്വാനിച്ച കൃഷിക്കാരോ, ദരിദ്രരോ ആരും ധനികന്റെ ചിന്തയിൽ ഇല്ല എന്ന് ഏറെ അൽഭുതപ്പെടുത്തണം. അതുകൊണ്ട് തന്നെയായിരിക്കണം ഈ ഉപമയ്ക്ക് "ഭോഷനായ ധനികൻ" എന്നുള്ള പേർ ലഭിക്കാൻ കാരണം.

ജനക്കൂട്ടത്തിൽ നിന്ന് ഒരു ധനികൻ വന്ന് കർത്താവിനോട് പറയുകയാണ്, "ഗുരോ, പിതൃസ്വത്ത് ഞാനുമായി പങ്കുവയ്ക്കാൻ എൻെറ സഹോദരനോടു കൽപിക്കണമേ!" ഇത് കേട്ട കർത്താവ് അവനെ ഒന്നു നോക്കിയതിന് ശേഷം അവനോട് ചോദിക്കുകയാണ്, "ഹേ, മനുഷ്യാ, എന്നെ നിങ്ങളുടെ ന്യായാധിപനോ സ്വത്തു ഭാഗിക്കുന്നവനോ ആയി ആരു നിയമിച്ചു?" നാട്ടിൽ പറയും, "വടി കൊടുത്ത് അടി വാങ്ങരുത്" എന്ന്. പക്ഷെ, യഥാർത്ഥത്തിൽ ധനികൻ ചെയ്തത് അതു തന്നെയാണ്, വടി കൊടുത്ത് അടി വാങ്ങുക!

ഒരു മലയാളി ഡോക്ടർ അമേരിക്കയിലെ ആശുപത്രികളിൽ ജോലിക്കായി കുറേ ശ്രമിച്ചു നോക്കി. പക്ഷേ കിട്ടിയില്ല. അവസാനം ഒരു ക്ലിനിക്ക് തുറന്നു. അവിടെ ഒരു ബോർഡും വെച്ചു.

"ഫീസ് 20 ഡോളർ, അസുഖം മാറിയില്ലെങ്കിൽ 100 ഡോളർ തിരികെ നൽകും."

ഇതു കണ്ട ഒരു വക്കീൽ ഡോക്ടറെ പറ്റിച്ച് കാശ് വാങ്ങണമെന്ന് തീരുമാനിച്ച് അവിടെയെത്തി.

"ഡോക്ടർ, എനിക്ക് രുചി അറിയാൻ സാധിയ്ക്കുന്നില്ല."

"സിസ്റ്റർ, Box No.22 ലെ മരുന്നെടുത്ത് 3 തുള്ളി ഇയാളുടെ വായിലൊഴിക്കൂ."

"ഛെ.... ഇത് മണ്ണെണ്ണയാ..." വക്കീൽ ദേഷ്യപ്പെട്ടു.

" OK, താങ്കൾക്ക് രുചി അറിയാനുള്ള ശേഷി തിരിച്ചുകിട്ടി."

അമിളി മനസിലായ വക്കീൽ വീട്ടിലേയ്ക്ക് പോയി ഒരാഴ്ച കഴിഞ്ഞു വീണ്ടുമെത്തി തന്റെ ഓർമശക്തി നഷ്ടപ്പെട്ടു എന്ന് പറഞ്ഞു.

ഡോക്ടർ വീണ്ടും നഴ്സിനോട് Box No.22 ലെ മരുന്ന് നൽകാൻ പറഞ്ഞു.

"ഇത് മണ്ണെണ്ണയാ, കഴിഞ്ഞ തവണയും എനിക്ക് ഇതല്ലേ തന്നത്?"

വക്കീൽ അക്ഷോഭ്യനായി.

ഡോക്ടർ പറഞ്ഞു, "താങ്കളുടെ ഓർമ ശക്തിയും പൂർവാധിക്യം തിരിച്ചു കിട്ടിയിരിക്കുന്നു."

വീണ്ടും അമളി മനസിലായ വക്കീൽ തിരിച്ച് പോയി ദിവസങ്ങൾക്ക് ശേഷം വീണ്ടുമെത്തി.

"ഡോക്ടർ എന്റെ കാഴ്ചശക്തി നഷ്ടപ്പെട്ടു."

പരിശോധിച്ച ഡോക്ടർ പറഞ്ഞു. "ഇതിനു എന്റെ കൈയ്യിൽ മരുന്നില്ല, ഇതാ 100 ഡോളർ."

വക്കീൽ ഒന്ന് ചിരിച്ചു

"ഡോക്ടറേ, ഇത് 100 അല്ല, 20 ഡോളറാ."

20 ഡോളർ തിരികെ വാങ്ങി കൊണ്ട് ഡോക്ടർ പറഞ്ഞു. "താങ്കളുടെ കാഴ്ചശക്തിയും തിരിച്ചു കിട്ടിയിരിക്കുന്നു."

വക്കീൽ മൂന്നാം വട്ടവും തോറ്റ് തുന്നം പാടി. പലപ്പോഴും ഈ വക്കീലിന്റെ സ്ഥാനത്താണ് നാം നിലയുറപ്പിച്ചിരിക്കുന്നത്. ആവശ്യമില്ലാത്ത കാര്യങ്ങൾക്ക് ഡോക്ടറെ വലയ്ക്കുന്നതുപോലെ നാം കർത്താവിനെ വലച്ചുകൊണ്ടിരിക്കുകയാണ്. ക്രിസ്തു ഈ ഭൂമിയിലേയ്ക്ക് വന്നത് പിതാവായ ദൈവം ഭരമേൽപ്പിച്ച വചനത്തെ പങ്കുവച്ച് കൊടുക്കുന്നതിനാണ്. അല്ലാതെ, ന്യായാധിപനായിട്ടല്ല. പക്ഷെ, 'ഞാനും എന്റെ സമ്പാദ്യവും' എന്നു മാത്രം ചിന്തിച്ച് ജീവിക്കുന്ന ധനികന് ക്രിസ്തുവിനെ ദൈവപുത്രനായി കാണാൻ സാധിക്കുന്നില്ല. മറിച്ച്, ന്യായാധിപനായി മാത്രമെ കാണാൻ സാധിക്കുന്നൊള്ളു. ഇതിനെ കർത്താവ് രൂക്ഷമായി വിമർശിക്കുന്നു;

"ഹേ, മനുഷ്യാ, എന്നെ നിങ്ങളുടെന്യായാധിപനോ സ്വത്തു ഭാഗിക്കുന്ന വനോ ആയി ആരു നിയമിച്ചു?" (ലൂക്കാ 12,14).

ഇതിന് ശേഷം ക്രിസ്തു സ്വന്തബന്ധങ്ങൾ മറന്ന് സമ്പത്തിൽ മാത്രം ആശ്രയിച്ച് ജീവിക്കുന്നവർക്ക് സംഭവിക്കുന്ന വലിയ വിപത്തിനെ "ഭോഷനായ ധനികൻ" എന്നുള്ള ഉപമയിലൂടെ പങ്കുവയ്ക്കുന്നു. ഒന്ന് ഇരുത്തി ചിന്തിച്ചാൽ ഞാനും, കർത്താവ് പറഞ്ഞ ഉപമയിലെ ഭോഷനായ ധനികനും തമ്മിൽ വലിയ അന്തരമൊന്നും ഇല്ല. പലപ്പോഴും, ദൈവസന്നിധിയിൽ സമ്പന്നനാകാതെ തനിക്കുവേണ്ടി സമ്പത്തു ശേഖരിച്ചു വയ്ക്കുന്നവരുടെ കൂട്ടത്തിൽ തന്നെയാണ് നമ്മളും. ഇങ്ങനെയുള്ളവരുടെ അടുത്ത് കർത്താവ് ചോദിക്കുന്ന ചോദ്യം ഇത്രമാത്രമാണ്;

"ഭോഷാ, ഈ രാത്രി നിന്റെ ആത്മാവിനെ നിന്നിൽനിന്ന് ആവശ്യപ്പെടും; അപ്പോൾ നീ ഒരുക്കിവെച്ചിരിക്കുന്നവ ആരുടേതാകും?" (ലൂക്കാ 12,20).

പിതാവായ ദൈവത്തിന്റെ സന്നിധിയിൽ സമ്പത്ത് ശേഖരിച്ച് വയ്ക്കുക. കാരണം, ഈ ഭൂമിയിൽ ഞാൻ എന്റെ സമ്പത്ത് ശേഖരിച്ച് വച്ചാൽ ആവിടെയാകും എന്റെ ഹൃദയം. അതിന് മുകളിലേയ്ക്ക് ചിന്തിക്കാനോ പ്രവർത്തിക്കാനോ നമുക്ക് സാധിക്കില്ല. കാരണം, വചനം സാക്ഷ്യപ്പെടുത്തുന്നു, "നിന്റെ നിക്ഷേപം എവിടെയോ അവിടെ നിന്റെ

കർത്താവിനോട്
പരാതി പറഞ്ഞവന്റെ
സഹോദരത്വം
സമ്പത്തിന്റെ പേരിൽ
ഉലഞ്ഞിരിക്കുന്നു.
എങ്കിൽ,
ഒന്നുറപ്പാണ്
സമ്പത്ത്
ബന്ധങ്ങളെ മുറിക്കും!

ഹൃദയവും” (ലൂക്കാ 12,34). അതുകൊണ്ട് തന്നെ സ്വർഗ്ഗത്തിൽ നിക്ഷേപങ്ങൾ കരുതുന്നവർക്കു മാത്രമെ സ്വർഗ്ഗത്തെ കുറിച് ചിന്തിക്കാനും സ്വർഗ്ഗത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കാനും സാധിക്കു. അവിടെ സമ്പത്ത് ശേഖരിക്കുന്നവരുടെ വലിയ പ്രത്യേകതകൾ ക്രിസ്തു വചനഭാഗത്തിലൂടെ അരുൾ ചെയ്യുന്നുണ്ട്, “നിങ്ങളുടെ സമ്പത്തു വിറ്റ് ദാനം ചെയ്യുവിൻ. പഴകിപ്പോകാത്ത പണസഞ്ചികൾ കരുതിവയ്ക്കുവിൻ. ഒടുങ്ങാത്തനിക്ഷേപം സ്വർഗത്തിൽ സംഭരിച്ചുവയ്ക്കുവിൻ. അവിടെ കള്ളൻമാർ കടന്നുവരുകയോ ചിതൽ നശിപ്പിക്കുകയോ ഇല്ല” (ലൂക്കാ 12,33). ചുരുക്കത്തിൽ, ദൈവത്തെ അശ്രയിക്കുന്നവർക്ക് ദൈവം തന്നെ തുണ!

ഒരു കുട്ടിയെ കുട്ടിയുടെ അച്ഛൻ എന്നും സ്കൂളിൽ ഒരുക്കി വിടാൻ നേരം കുട്ടിയോട് അച്ഛൻ പറയും, “ഒരു നല്ല ദിവസം നിനക്ക് ഞാൻ ആശംസിക്കുന്നു. അതിലുപരി, എന്തൊക്കെ പ്രശ്നങ്ങൾ ഉണ്ടായാലും ഡാഡി മോന്റെ കൂടെ ഉണ്ടാകും.” ഒരു ദിവസം ഇപ്രകാരം പറഞ്ഞ് മകനെ മാറോടണച്ചു ചുംബിച്ചു സ്കൂളിലേക്ക് വിട്ടു. ഏതാനും മണിക്കൂറുകൾക്ക് ശേഷം അതിശക്തമായ ഒരു ഭൂമി കുലുക്കം ഉണ്ടായി ആ പ്രദേശം മുഴുവൻ തകർത്തു കളഞ്ഞു. അച്ഛൻ തന്റെ മകനെ തേടി സ്കൂളിലേക്ക് ഓടി. ആ കാഴ്ച കണ്ടു അദ്ദേഹം പൊട്ടികരഞ്ഞു.... മകന്റെ സ്കൂൾ മൊത്തം തകർന്നു കിടക്കുന്നു. അനേകം മാതാപിതാക്കൾ വാവിട്ടു കരയുന്നുമുണ്ടായിരുന്നു.

അച്ഛൻ തന്റെ കുട്ടിയുടെ ക്ലാസ്സ് നിന്നിരുന്ന സ്ഥലം ലക്ഷ്യം വെച്ച് പോയി തന്റെ കുഞ്ഞിനെ തിരയാൻ തുടങ്ങി. ഓരോ കല്ലുകളും നീക്കി തന്റെ മകനെ തിരഞ്ഞുകൊണ്ടേ ഇരുന്നു. അവിടെയുള്ള ആൾക്കാർ അദ്ദേഹതോട് ചോദിച്ചു, “താങ്കൾ എന്താണ് തിരയുന്നത്? എല്ലാവരും നഷ്ടപെട്ടിട്ടുണ്ട്” എന്നും പറഞ്ഞുകൊണ്ട് ഈ അച്ഛനെ തിരച്ചിലിൽ നിന്നും പിന്തിരിപ്പിക്കാൻ ശ്രമിച്ചു. എങ്കിലും ആ അച്ഛൻ കുഞ്ഞിനു വേണ്ടിയുള്ള തിരച്ചിൽ തുടർന്ന് കൊണ്ടേ ഇരുന്നു. വലിയ വലിയ കോൺക്രീറ്റ് കട്ടകൾ ഒക്കെ എടുത്തു നീക്കിമാറ്റുമ്പോൾ എവിടെയോ ഒരു നേരിയ ഞരക്കം കേട്ട് ആ ഞരക്കം ലക്ഷ്യം ആക്കി തിരഞ്ഞുകൊണ്ടിരിക്കുമ്പോൾ ഡാഡി എന്ന് വിളിക്കുന്ന തന്റെ പുത്രന്റെ നേർത്ത ശബ്ദം കേൾക്കാൻ സാധിച്ചു. ആ അച്ഛന്റെ തിരച്ചിലിനൊടുവിൽ തന്റെ കുഞ്ഞിനെ അദ്ദേഹം കണ്ടെത്തി. അദ്ദേഹത്തിന്റെ സന്തോഷം പറഞ്ഞറിയിക്കാൻ പറ്റാത്തത്രയും ആയിരുന്നു.

അവനെ മാറോടു ചേർത്ത് ഉമ്മവെക്കുമ്പോൾ ആ കുട്ടി തന്റെ ഡാഡിയോട് പറഞ്ഞു, “എനിക്കറിയാമായിരുന്നു ഡാഡി എന്നെ തേടി വരുമെന്ന്. ഈ കാര്യം ഞാനെന്റെ കൂട്ടുകാരോടും പറഞ്ഞിരുന്നു. അവരെല്ലാവരും ഇവിടെ ഉണ്ട് അവരെ കൂടെ രക്ഷിക്കൂ.” അങ്ങനെ തന്റെ മകനൊപ്പം ഉണ്ടായിരുന്ന 14 കുട്ടികളെ കൂടി രക്ഷപെടുത്തി.

ഇതുപോലെതന്നെയാണ് നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവും. സ്വർഗ്ഗത്തിൽ നിക്ഷേപം കരുതി വയ്ക്കുന്നവർ ഏതെല്ലാം പ്രതികൂലത്തിൽ കൂടി കടന്നു പോയാലും, മരണത്തിന്റെ താഴ്‌വരയിലൂടെയും തീയുടെ നടുവിലൂടെയും കഷ്ടതയുടെ കണ്ണീരിലൂടെ കടന്നു പോകുമ്പോഴും അവൻ ഒരിക്കലും നമ്മളെ കൈവിടുകയില്ല . നമ്മുടെ രക്ഷയ്ക്കായി അവൻ നമ്മുടെ മദ്ധ്യേ ഉണ്ടാകും . ആ ദൈവത്തെ നാം ഓരോരുത്തരും പൂർണമായും ആശ്രയിക്കയും വിശ്വസിക്കയും ചെയുക. കാരണം, അവനിൽ ആശ്രയിച്ചവരെ ഒരു കാലത്തും തള്ളി കളയുകയോ ഉപേക്ഷിക്കുകയോ ചെയ്ത ചരിത്രം ഇല്ല.

സക്കേവൂസ്
തന്റെ സമ്പാദ്യം
ഉപേക്ഷിക്കുന്നത് വരെ
അസംതൃപ്തനായിരുന്നു.
യൂദാസിന് പണം
കിട്ടിയപ്പോൾ
അവനും അസംതൃപ്തനായി.
എങ്കിൽ,
പണം സമ്മാനിക്കുന്നത്
അസംതൃപ്തി മാത്രമാണ്!

***“കർത്താവാണ് എൻെറ ഇടയൻ; എനിക്കൊന്നിനും കുറവുണ്ടാവുകയില്ല.”***

സങ്കീ 23,1

ഫാ. ജോബി മേനോത്ത് : +91 944 7777 931